കേരളസർവകലാശാല
*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.182/2025** **തിരുവനന്തപുരം, തീയതി: 16.08.2025**

# പത്രക്കുറിപ്പ്

## കേരള സർവകലാശാല
## ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം - 2025
## സ്പോട്ട് അലോട്ട്മെന്റ്

### ആലപ്പുഴ മേഖലയിലെ കോളേജുകളിലേക്ക് ആഗസ്റ്റ് 19 നും കൊല്ലം മേഖലയിലെ കോളേജുകളിലേക്ക് ആഗസ്റ്റ് 20, 21 തീയതികളിലും തിരുവനന്തപുരം മേഖലയിലെ കോളേജുകളിലേക്ക് ആഗസ്റ്റ് 22, 23 & 25 തീയതികളിലും

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് മേഖലാ തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. ജനറൽ അലോട്ട്മെന്റുകളിൽ ആദ്യ ഓപ്ഷനായി (First Option) നൽകിയ കോളേജിൽ അലോട്ട്മെന്റ് ലഭിച്ച് പ്രസ്തുത കോളേജിൽ അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികളെ (എസ്.സി/എസ്.ടി/പി.ഡബ്ല്യൂ.ഡി വിഭാഗക്കാർ ഒഴികെ) സ്പോട്ട് അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല.

| മേഖല | തീയതി | പ്രോഗ്രാമുകൾ | സ്ഥലം |
|---|---|---|---|
| ആലപ്പുഴ | ആഗസ്റ്റ് 19 | എല്ലാ പ്രോഗ്രാമുകളും | മാർ ഗ്രിഗോറിയസ് കോളേജ്, പുന്നപ്ര |
| കൊല്ലം | ആഗസ്റ്റ് 20 | B.Sc, B.Com, BCA, BBA, BSW, B.Voc, BMS (Hotel Management) | എസ്.എൻ കോളേജ്, കൊല്ലം |
| | ആഗസ്റ്റ് 21 | BA (All Subjects) | |
| തിരുവനന്തപുരം | ആഗസ്റ്റ് 22 | B.Sc (All Subjects) | കേരള സർവകലാശാല സെനറ്റ് ഹാൾ, പാളയം, തിരുവനന്തപുരം. |
| | ആഗസ്റ്റ് 23 | B.Com, BCA, BBA, BSW, B.Voc, BMS (Hotel Management) | |
| | ആഗസ്റ്റ് 25 | BA (All Subjects) | |

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി മുകളിൽ പറഞ്ഞിരിക്കുന്ന സെന്ററുകളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം 8.30 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ യഥാസമയം ഹാജരായ വിദ്യാർത്ഥികളെ പരിഗണിച്ച ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (Authorization Letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും (പ്ലസ്ടു മാർക്ക് ലിസ്റ്റ്), സ്പെഷ്യൽ വെയ്റ്റേജ് സർട്ടിഫിക്കറ്റ് (NSS, NCC, SPC, EX SERVICE), ജാതിയും (Non-creamy Layer Certificate for SEBC Candidates, Community Certificate for SC/ST Candidates, EWS Certificate for EWS Candidates) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. മൈനോറിറ്റി സ്റ്റാറ്റസുള്ള കോളേജുകളിൽ (പ്രോസ്പെക്ടസ് പേജ് നം. 74 കാണുക) ഒഴിവുള്ള എസ്.സി/എസ്.ടി സീറ്റുകൾ ടി സ്പോട്ടിൽ നികത്തുന്നതാണ്. പ്രസ്തുത വിഭാഗങ്ങളിലെ കുട്ടികളുടെ അഭാവത്തിൽ ആ സീറ്റുകൾ അതാത് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ നികത്തപ്പെടുന്നതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 1390/- രൂപ, ജനറൽ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 2800/- രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. (https://admissions.keralauniversity.ac.in/fyugp2025).

*NOTE: കൊല്ലം, ആലപ്പുഴ മേഖലയിലെ സ്പോട്ട് അലോട്ട്മെന്റിന് ശേഷം ഒഴിവു വരുന്ന സീറ്റുകൾ തിരുവനന്തപുരം മേഖലയിലെ സ്പോട്ട് അലോട്ട്മെന്റിൽ നികത്തുന്നതായിരിക്കും.*

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയിലെ പഠന ഗവേഷണ വകുപ്പുകളിൽ 2025-2026 അധ്യയന വർഷത്തിലേക്കുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗം കുട്ടികൾക്കായുള്ള ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിൽ പ്രവേശനം നേടുന്നതിനായി സ്പോട്ട് അഡ്മിഷൻ 2025 ആഗസ്റ്റ് 18 ന് രാവിലെ 11 മണിക്ക് അതാത് പഠനവകുപ്പുകളിൽ വച്ച് നടക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം നിശ്ചയിച്ച സമയത്ത് അതാത് പഠനവകുപ്പുകളിൽ ഹാജരാകേണ്ടതാണ്. ഒഴിവുള്ള പ്രോഗ്രാമുകളെക്കുറിച്ചും, ഒഴിവുകളുടെ എണ്ണം സംബന്ധിച്ചും വിശദവിവരങ്ങൾ അറിയുന്നതിനായി ഈ ലിങ്ക് സന്ദർശിക്കുക.
https://admissions.keralauniversity.ac.in/css2025. വിശദവിവരങ്ങൾക്ക്: 0471-2308328, 9188524612,ഇ-മെയിൽ : csspghelp2025@gmail.com.

## പിഎച്ച്.ഡി. എൻട്രൻസ് പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല 2025 ഒക്ടോബർ 25 ന് നടത്താൻ തീരുമാനിച്ചിരിക്കുന്ന 2025 വർഷത്തെ പിഎച്ച്.ഡി എൻട്രൻസ് പരീക്ഷയ്ക്ക് യോഗ്യരായിട്ടുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. വിദ്യാർത്ഥികൾക്ക് ഓൺലൈനായി 2025 ആഗസ്റ്റ് 20 മുതൽ സെപ്റ്റംബർ 20 വരെ അപേക്ഷിക്കാവുന്നതാണ്. ഓഫ്‌ലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിദ്യാർത്ഥികൾക്ക് അവരുടെ യോഗ്യത അനുസരിച്ചിട്ടുള്ള വിഷയം ഓൺലൈൻ റിസർച്ച് പോർട്ടലിൽ നിന്നും തെരഞ്ഞെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.research.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

## പരീക്ഷ മാറ്റിവച്ചു

കേരളസർവകലാശാല 2025 ആഗസ്റ്റ് 22 ന് നടത്താൻ നിശ്ചയിച്ചിരിക്കുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്./കരിയർ റിലേറ്റഡ്/ബിഎ ഓണേഴ്സ്/ ന്യൂജെനറേഷൻ ബിഎ/ബിഎസ്‌സി/ബികോം (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2020 - 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 & 2019 അഡ്മിഷൻ) ആഗസ്റ്റ് 2025 പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## പുനഃക്രമീകരിച്ച പരീക്ഷ

കേരളസർവകലാശാല 2025 ആഗസ്റ്റ് 22 ന് നടത്താൻ നിശ്ചയിച്ചിരിക്കുന്ന ഒന്നാം വർഷ ബിബിഎ (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷ 2025 സെപ്റ്റംബർ 12 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

## പരീക്ഷാഫലം

കേരളസർവകലാശാല കോമേഴ്സ് പഠന വകുപ്പിൽ 2025 ജൂൺ മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.കോം. റൂറൽ മാനേജ്മെന്റ് (2023-2025 ബാച്ച്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ SLCM പ്രൊഫൈൽ മുഖേന വ്യക്തിഗത ഫലം പരിശോധിക്കാവുന്നതാണ്.

കേരളസർവകലാശാല 2025 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് **www.slcm.keralauniversity.ac.in** മുഖേന 2025 ആഗസ്റ്റ് 25 വരെ ഓൺലൈനായി അപേക്ഷിക്കാം.

കേരളസർവകലാശാല 2025 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎ സംസ്കൃതം സ്പെഷ്യൽ (വേദാന്ത, ന്യായ, വ്യാകരണ, സാഹിത്യ, ജ്യോതിഷ), എംഎ അറബിക് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് **www.slcm.keralauniversity.ac.in** മുഖേന 2025 ആഗസ്റ്റ് 22 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎ ഹിസ്റ്ററി (റെഗുലർ, ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് **www.slcm.keralauniversity.ac.in** മുഖേന 2025 ആഗസ്റ്റ് 26 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ഏപ്രിലിൽ നടത്തിയ ബിഎ (ആന്വൽ സ്കീം) പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, മലയാളം, ഹിന്ദി മെയിൻ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2025 ആഗസ്റ്റ് 30 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബിഎച്ച്എം/ബിഎച്ച്എംസിറ്റി) ആഗസ്റ്റ് 2025 പരീക്ഷയുടെ പ്രാക്ടിക്കൽ 2025 ആഗസ്റ്റ് 21 മുതൽ അതാത് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## ടൈംടേബിൾ

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബിഎസ്സി (റെഗുലർ - 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി - 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2020 & 2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 & 2019 അഡ്മിഷൻ) പരീക്ഷയുടെ കോംപ്ലിമെന്ററി ബയോടെക്നോളജി പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബിഎസ്സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248) (വൊക്കേഷണൽ കോഴ്സ് : മൈക്രോബയോളജി) പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.
(**www.keralauniversity.ac.in**).



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**